**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1607** **08-10-2021 - ൽ മറുപടിയ്ക്ക്**

**പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | **Shri. P. Prasad**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | നിലവിൽ സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ നമ്മുടെ ആവശ്യകതയുടെ പകുതി മാത്രമാണ് എന്നും ശേഷിക്കുന്നവയ്ക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് പ്രതിവർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത് എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. 2017-18 വർഷത്തിൽ പച്ചക്കറിയുടെ ഉല്പാദനം 10.01 ലക്ഷം മെട്രിക് ടണ്ണായതിനാൽ ആവശ്യകതയുടെ 50 ശതമാനം അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്തിരുന്നു. ആയത് 2018-19 വർഷത്തിൽ ഉല്പാദനം 12.12 ലക്ഷം മെട്രിക് ടണ്ണായി ഉയരുകയും ഇറക്കുമതി ആവശ്യകതയുടെ 40 ശതമാനവും, 2019-20 വർഷത്തിൽ ഉല്പാദനം 14.93 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കുകയും ഇറക്കുമതി 25% മായി കുറയ്ക്കാനും സാധിച്ചു. 2020-21 വർഷത്തിൽ ഉല്പാദനം 15.7 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കുകയും ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളുടെ തോത് 21.5 ശതമാനമായി കുറച്ചു കൊണ്ടുവരുന്നതിന് സാധിച്ചു. |
| (ബി) | പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ പച്ചക്കറിയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് കൃഷി വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള ബൃഹത്ത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. പ്രസ്തുത പദ്ധതിയിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികൾ ഒഴിവാക്കി സംസ്ഥാനത്തിനാവശ്യമായ പച്ചക്കറികൾ വ്യാവസായിക അടിസ്ഥാനത്തിലും, വീട്ടുവളപ്പുകളിലും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കുവാൻ വേണ്ടിയുള്ള വിവിധ ഘടകങ്ങൾ വിഭാവനം ചെയ്തത് നടപ്പിലാക്കി വരുന്നു. ഇതിലേയ്ക്കായി 2021-22 സാമ്പത്തിക വർഷം 7445 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയം പര്യാപ്തതയിലേയ്ക്ക് എത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ചുവടെ |

| | | | |
|---|---|---|---|
| | | | ചേർത്തിട്ടുള്ള സമഗ്ര പച്ചക്കറി വികസന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കി വരുന്നു. 1. ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം 2. സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി 3. ജില്ലാ ക്ലസ്റ്റർ വികസനം 4. ഗ്രേഡഡ്ക്ലസ്റ്ററുകളുടെ വികസനം 5. കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം. 6. മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും 7. ഹരിത ഗ്രൂപ്പുകളുടെ രൂപീകരണം 8. നഴ്സറികൾ സ്ഥാപിക്കൽ 9. ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം പ്രോത്സാഹിപ്പിക്കൽ 10. മഴമറ നിർമ്മാണം 11. സേഫ്-ടു-ഈറ്റ് 12. സുഭിക്ഷ കേരളം പദ്ധതി 13. വി.എഫ്.പി.സി.കെ. മുഖേനയുള്ള സമഗ്ര പച്ചക്കറി വികസന പദ്ധതി. |
| (സി) | പച്ചക്കറി കൃഷിക്കായി പ്രത്യേക കാർഷിക മേഖല രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | പച്ചക്കറി കൃഷിക്കായി മാത്രം പ്രത്യേക കാർഷികമേഖല രൂപീകരിച്ചിട്ടില്ല. കാർഷിക പാരിസ്ഥിതിക മേഖല (അഗ്രോ എക്കോളജിക്കൽ സോൺ) ആസ്പദ മാക്കിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി അടുത്ത സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഇടുക്കി ജില്ലയ്ക്കായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിലെ സ്റ്റാഗേഡ് ക്ലസ്റ്റർ എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 333.33 ഹെക്ടർ സ്ഥലത്ത് ശീതകാല പച്ചക്കറികൃഷിക്ക് മാത്രമായി 100 ലക്ഷം രൂപ 2021-22 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ